# ശക്തമായ മഴക്കുള്ള മുന്നറിയിപ്പ് -09/10/2021,10/10/2021

*കേന്ദ്ര കാലവസ്ഥ വകുപ്പിന്റെ പുതുക്കിയ മഴ സാധ്യത പ്രവചന പ്രകാരം 2021 ഒക്ടോബർ 09,10 തീയതികളിൽ പത്തനംതിട്ട ജില്ലയിൽ ശക്തമായ മഴക്കുള്ള സാധ്യതയുള്ളതിനാൽ മഞ്ഞ (Yellow) അലേർട്ട് പ്രഖ്യാപിച്ചിരിക്കുന്നു.

ഒറ്റപ്പെട്ടയിടങ്ങളിൽ 24 മണിക്കൂറിൽ 64.5 mm മുതൽ 115mm വരെയുള്ള മഴയാണ് ശക്തമായ മഴ കൊണ്ട് അർത്ഥമാക്കുന്നത്.

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ പൊതുജനങ്ങൾക്കുള്ള പ്രത്യേക നിർദേശങ്ങൾ.

ശക്തമായ മഴ തുടർച്ചയായി പെയ്യുന്ന സാഹചര്യത്തിൽ പ്രാദേശികമായ ചെറിയ വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതി ദുരന്തങ്ങൾക്ക് സാധ്യത വർധിക്കും. ആയതിനാൽ കഴിഞ്ഞ ദിവസങ്ങളിൽ വലിയ അളവിൽ മഴ ലഭിച്ച പ്രദേശങ്ങളിൽ മഴ തുടരുന്ന സാഹചര്യത്തിൽ താഴ്ന്ന പ്രദേശങ്ങൾ, നദീതീരങ്ങൾ, ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ സാധ്യതയുള്ള മലയോര പ്രദേശങ്ങൾ തുടങ്ങിയ ഇടങ്ങളിലുള്ളവർ അതീവ ജാഗ്രത പാലിക്കണം. ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് മാറേണ്ടുന്ന ഘട്ടങ്ങളിൽ പൂർണ്ണമായും കോവിഡ് മാനദണ്ഡങ്ങൾ പാലിക്കാൻ തയ്യാറാവണം.

ശക്തമായ മഴ പെയ്യുന്ന സാഹചര്യത്തിൽ ഒരു കാരണവശാലും നദികൾ മുറിച്ച് കടക്കാനോ, നദികളിലോ മറ്റ് ജലാശയങ്ങളിലോ കുളിക്കാനോ മീൻപിടിക്കാനോ മറ്റ് ആവശ്യങ്ങൾക്കോ ഇറങ്ങാൻ പാടുള്ളതല്ല. ജലാശയങ്ങൾക്ക് മുകളിലെ മേൽപ്പാലങ്ങളിൽ കയറി കാഴ്ച കാണുകയോ സെല്ഫിയെടുക്കുകയോ കൂട്ടം കൂടി നിൽക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

കാറ്റിൽ മരങ്ങൾ കടപുഴകി വീണും പോസ്റ്റുകൾ തകർന്നു വീണും ഉണ്ടാകാനിടയുള്ള അപകടങ്ങളെയും ശ്രദ്ധിക്കേണ്ടതാണ്.

അണക്കെട്ടുകളുടെ താഴെ താമസിക്കുന്നവർ അണക്കെട്ടുകളിൽ നിന്ന് വെള്ളം പുറത്തേക്ക് ഒഴുക്കി വിടാനുള്ള സാധ്യത മുൻകൂട്ടി കണ്ട് കൊണ്ടുള്ള തയ്യാറെടുപ്പുകൾ നടത്തുകയും അധികൃതരുടെ നിർദേശങ്ങൾക്ക് അനുസരിച്ച് ആവശ്യമെങ്കിൽ മാറിത്താമസിക്കുകയും വേണം.മലയോര മേഖലയിലേക്കുള്ള രാത്രി സഞ്ചാരം പൂർണ്ണമായി ഒഴിവാക്കുക.

**കേന്ദ്ര കാലാവസ്ഥാ വകുപ്പിന്റെ ജില്ലാ അടിസ്ഥാനത്തിലുള്ള മഴ പ്രവചനം**
**പുറപ്പെടുവിച്ച ദിവസം: 08.10.2021; സമയം: 13:00 hrs.**

| District | 08.10.2021 | 09.10.2021 | 10.10.2021 | 11.10.2021 | 12.10.2021 |
|---|---|---|---|---|---|
| തിരുവനന്തപുരം | ISOL. H | L to M | L to M | L to M | L to M |
| കൊല്ലം | ISOL. H | L to M | L to M | L to M | L to M |
| പത്തനംതിട്ട | L to M | ISOL. H | ISOL. H | L to M | L to M |
| ആലപ്പുഴ | ISOL. H | ISOL. H | ISOL. H | L to M | ISOL. H |
| കോട്ടയം | L to M | ISOL. H | ISOL. H | ISOL. H | L to M |
| എറണാകുളം | L to M | L to M | ISOL. H | ISOL. H | ISOL. H |
| ഇടുക്കി | L to M | ISOL. H | ISOL. H | ISOL. H | ISOL. H |
| തൃശ്ശൂർ | L to M | L to M | L to M | ISOL. H | ISOL. H |
| പാലക്കാട് | L to M | L to M | L to M | L to M | ISOL. H |
| മലപ്പുറം | L to M | L to M | L to M | ISOL. H | ISOL. H |
| കോഴിക്കോട് | L to M | L to M | L to M | L to M | ISOL. H |
| വയനാട് | L to M | L to M | L to M | L to M | ISOL. H |
| കണ്ണൂർ | L to M | L to M | L to M | L to M | L to M |
| കാസറഗോഡ് | L to M | L to M | L to M | L to M | L to M |

| കളർകോഡ് | മുന്നറിയിപ്പ് | തീവ്രത |
|---|---|---|
| വെള്ള | മുന്നറിയിപ്പ് ഇല്ല | മഴ ഇല്ല |
| പച്ച | മുന്നറിയിപ്പ് ഇല്ല | നേരിയതോതിൽ |
| മഞ്ഞ | നിരീക്ഷിക്കുക(മുന്നറിയിപ്പ് പുതുക്കികൊണ്ടിരിക്കുക) | ശക്തമായ മഴ |
| ഓറഞ്ച് | ജാഗ്രത പാലിക്കുക (കരുതിയിരിക്കുക) | ശക്തമായതോ അതിശക്തമായതോ ആയ മഴ |
| ചുവപ്പ് | മുന്നറിയിപ്പ് (പ്രവർത്തിക്കുക) | അതിശക്തമായതോ അതിതീവ്രമോ ആയ മഴ |

| മഴയുടെ തീവ്രത | |
|---|---|
| ചാറ്റൽമഴ | 2.5-15.5 മി മി |
| മിതമായ മഴ | 15.6-64.4 മി മി |
| ശക്തമായ മഴ | 64.5-115.5 മി മി |
| അതിശക്തമായമഴ | 115.6-204.4 മി മി |
| അതിതീവ്ര മഴ | >204.5 മി മി |

*ISOL: ഒന്നോ രണ്ടോ സ്ഥലങ്ങളിൽമഴ , 25 ശതമാനമോ അതിൽകുറവോ സ്ഥലങ്ങളിൽമഴ ലഭിക്കുവാനുള്ള സാദ്ധ്യത*

*IMD-KSEOC-KSDMA -DDMA PTA